# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 27.08.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.15–ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.08.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** എല്ലാ ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു കുന്നംകുളം, കായംകുളം എന്നിവ ഒഴികെയുള്ള മുനിസിപ്പാലിറ്റികളുടെയും ശ്രീകൃഷ്ണപുരം, ദേവികുളം എന്നിവ ഒഴികെയുള്ള ബ്ലോക്ക് പഞ്ചായത്തു കളുടെയും പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അഗളി, കൊല്ലങ്കോട്, നെല്ലിയാമ്പതി, തരൂർ, വടകരപ്പതി എന്നിവ ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്കും ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം ലഭിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തു.

2.2 തദ്ദേശഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്നും മേലിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തന്നെ വിവേചന പൂർവം അവ തിരികെ അയയ്ക്കണമെന്നും യോഗം തീരുമാനിച്ചു.കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയങ്ങളിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ട തുണ്ടെങ്കിൽ അതു കൂടി ലഭ്യമാക്കിയശേഷം അജണ്ടയിൽ ഉൾപ്പെടുത്തിയാൽ മതിയെന്നും നിർദ്ദേശിച്ചു.

2.3 പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാല താമസം ചർച്ച ചെയ്തു. അധികാര വികേന്ദ്രീകൃത നടപടികൾ തുടങ്ങുന്നതിനു മുമ്പും മുനിസിപ്പാലിറ്റികളിൽ ഒരു എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരുന്നുവെന്നും, പി.ഡബ്ല്യു.ഡി. വകുപ്പിലെ നിലവിലുള്ള നിയമം അനുസരിച്ച് മുനിസിപ്പൽ എഞ്ചിനീയർമാർ സാങ്കേതികാനുമതി നൽകിയിരുന്നു എന്ന കാര്യവും പരിഗണിച്ച് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള സംവിധാനം തുടരുന്നതിന് അനുമതി നൽകി തീരുമാനിച്ചു. നിലവിൽ മുനിസിപ്പൽ എഞ്ചിനീയർമാർക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക ക്ഷമത തുടരുന്നതിനും തീരുമാനിച്ചു. പഞ്ചായത്തുകളെ സംബന്ധിച്ച് നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ശാന്തൻപാറ ഗ്രാമപഞ്ചായത്ത് (ഫയൽനം.4204/ഡി.ബി.3/14/തസ്വഭവ)**

പൂപ്പാറ ഗവ.എൽ.പി. സ്ക്കുളിന് ബസ്സു വാങ്ങുന്നതിന് എം.എൽ.എ ഫണ്ട് ലഭ്യമാകുമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ തുടർ ചെലവുകൾ പി.റ്റി.എ വഹിക്കണമെന്ന വ്യവസ്ഥയോടെ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 2 ഏഴിക്കര ഗ്രാമപഞ്ചായത്ത്   (ഫയൽ നം.48075/ഡി.എ2/14/തസ്വഭവ)**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മാണം ഏറ്റെടുക്കാൻ പാടില്ലാത്ത സാഹചര്യത്തിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത്  ( ഫയൽ നം.52083/ഡി.ഡി2/14/തസ്വഭവ)**

ഇല്ലാത്ത തനത് ഫണ്ടുപയോഗിച്ച് 2013-14 വാർഷിക പദ്ധതിയിൽ പ്രോജക്ട് രൂപീകരിച്ചതിനും നിയമ വിരുദ്ധമായി വികസനഫണ്ട് വകമാറ്റി ചെലവഴിച്ചതിനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ലഭ്യമാക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മാവേലിക്കര മുനിസിപ്പാലിറ്റി (ഫയൽ നം.43870/ഡി.ബി.1/14/തസ്വഭവ)**

ഭവന പദ്ധതി സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ( ഫയൽ നം.52861/ഡി.ഡി.2/14/തസ്വഭവ)**

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ കൗൺസിൽ ഹാളിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്**

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ തന്നെ പരിഹരിക്കാമെന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ടതില്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊച്ചി കോർപ്പറേഷൻ/കോഴിക്കോട് കോർപ്പറേഷൻ**

**(ഫയൽ നം.37741/ഡി.എ1/14/തസ്വഭവ)**

കൃഷി വികസന പ്രോജക്ടുകളുടെ നിർവഹണ ചുമതല സംബന്ധിച്ച് നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു.മോയിൻകുട്ടി എം.എൽ.എ മുഖാന്തിരം**
**(ഫയൽ നം. 50860/ഡി.ബി.3/13/തസ്വഭവ)**

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ പുതിയ ജീപ്പ് വാങ്ങുന്നതു സംബന്ധിച്ച് ഭരണവകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കണ്ണൂർ ജില്ലാ സഹകരണ ആയുർവേദിക് റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റി പ്രസിഡന്റിന്റെ കത്ത് (ഫയൽ നം. 51523/ഡി.എ1/14/തസ്വഭവ)**

കണ്ണൂർ ജില്ലാ സഹകരണ ആയുർവേദ റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റിയുടെ 'ആരോഗ്യഫാർമ'യിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഔഷധം വാങ്ങുന്നത് സംബന്ധിച്ച് ഭരണവകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഓച്ചിറ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 50477/ആർ.സി.1/14/തസ്വഭവ)**

കൃഷി ഓഫീസ് കെട്ടിട നിർമ്മാണത്തിനും പട്ടികജാതി ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനും വസ്തു വാങ്ങാൻ 10.10.2002–ലെ ജി.ഒ(പി)169/2002/തസ്വഭവ ഉത്തരവ് പ്രകാരം ഉയർന്ന പരിധി 30 ലക്ഷം രൂപ ആയതിനാൽ ഗ്രാമപഞ്ചായത്തിനു തന്നെ നടപടി സ്വീകരിക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്**

കടലോര മേഖലയിലെ മത്സ്യതൊഴിലാളികളുടെ ഓലമേഞ്ഞ കുടിലുകൾ കെട്ടി മേയുന്നത് സംബന്ധിച്ച് സഹായധനം, വീടുകളുടെ എണ്ണം, നിർവഹണ ഉദ്യോഗസ്ഥൻ എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

ഔഷധങ്ങൾ ആശുപത്രി വഴിയാണ് വിതരണം നടത്തേണ്ടതെന്നും, ക്യാമ്പുകൾ സംഘടിപ്പിച്ചല്ലെന്നും യോഗം നിരീക്ഷിച്ചു. ഭിന്നശേഷിയുള്ളവർക്കായുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കാലിത്തീറ്റ വിതരണം ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട പദ്ധതികളാണെന്നും ക്ഷീര വികസനത്തിനായുള്ള ചില്ലിംഗ് പ്ലാന്റ് പോലെയുള്ള ബൃഹത്തായ പദ്ധതികളാണ് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതെന്നും യോഗം നിരീക്ഷിച്ചു. ഐ.എ.വൈ പദ്ധതി വിഹിതം ഉറപ്പുവരുത്തിയശേഷം മാത്രമെ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഷോളയൂർ ഗ്രാമപഞ്ചായത്ത് ( ഫയൽ നം. 37719/ഡി.എ2/13/തസ്വഭവ)**

പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നൽകേണ്ടതില്ലെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

സംയുക്ത കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് നിലവിൽ വ്യവസ്ഥയുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ചെറുകാവ് ഗ്രാമപഞ്ചായത്ത് ( ഫയൽ നം.4405/ഡി.എ2/14/തസ്വഭവ)**

ചെറുകാവ് ഗ്രാമപഞ്ചായത്ത് 2009-10 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പ്രവൃത്തിയുടെ തുടർ പ്രവൃത്തിയായി 2012-13 പദ്ധതി അംഗീകരിച്ചു സാങ്കേതികാനുമതി നൽകണം എന്ന ആവശ്യം അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടവരുത്തുമെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

2013-14 വാർഷിക പദ്ധതിയിലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച കാർഷിക പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കോന്നി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 53376/ആർ.സി.1/2014/തസ്വഭവ)**

കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കുകൂടി ഉപയോഗിക്കാവുന്ന തരത്തിൽ പഞ്ചായത്തു വകയായി ബസ്സ് സ്റ്റാൻഡ് നിർമ്മിക്കുന്നതാണ് ഉചിതമെന്ന് യോഗം നിർദ്ദേശിച്ചു തീരുമാനിച്ചു. കെ.എസ്.ആർ.ടി.സി. പഞ്ചായത്തുകൾക്ക് കൈമാറിയക്കിട്ടിയ സ്ഥാപനമല്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മിക്കുന്നതിന് വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുകയില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പത്തനാപുരം ഗ്രാമപഞ്ചായത്ത്**

തെരുവു വിളക്ക് സംരക്ഷണം- വാർഷിക പരിപാലനം എന്ന പ്രോജക്ട് തെറ്റായി പൂർത്തീകരിച്ച പദ്ധതികളുടെ പട്ടികയിൽ എന്റർ ചെയ്തത് മാറ്റി 2014-15 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കായംകുളം മുനിസിപ്പാലിറ്റി**

ഗവ.ഐ.ടി.എയ്ക്ക് സ്ഥലമെടുക്കുന്ന പ്രോജക്ടിന് പ്രത്യേക കേസെന്ന നിലയിൽ അംഗീകാരം നൽകാൻ തീരുമാനിച്ചു. സ്റ്റേഡിയം,കളിസ്ഥലം എന്നിവ നിർമ്മിക്കേണ്ടത് മുനിസിപ്പാലിറ്റിയിൽ അർപ്പിതമായ ഉത്തരവാദിത്തമാണ്. വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും ചട്ടങ്ങൾക്കനുസൃതമായി വസ്തുവിന്റെ അനുയോജ്യത (sutability) സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ സർട്ടിഫൈ ചെയ്യേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ അംഗീകാരം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 അഴുത ബ്ലോക്ക് പഞ്ചായത്ത്**

വഞ്ചിവയൽ പട്ടികവർഗ്ഗ കോളനിയിലെ വിദ്യാർത്ഥികൾക്കായി വാഹനം വാങ്ങുന്നതിന്റെ ആവർത്തന ചെലവുകൾ എങ്ങനെ വഹിക്കുമെന്ന് അറിയിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. അഭ്യസ്ത വിദ്യരായ ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ത്രീവീലർ വാങ്ങുന്നതിന് നിലവിൽ വ്യവസ്ഥ ഉള്ളതായി നിരീക്ഷിച്ചു. ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

ഓണാഘോഷ പരിപാടികൾ ടൂറിസം വകുപ്പ് പണം ചെലവഴിച്ച് സംഘടിപ്പിച്ചു വരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾ അതിനാവശ്യമായ പിന്തുണാ സംവിധാനം മാത്രം ഒരുക്കിയാൽ മതിയാകുമെന്നും ജനറൽ പർപ്പസ് ഗ്രാന്റിന്റെ ചെലവിനങ്ങളിൽ ആഘോഷ പരിപാടികൾ ഉൾപ്പെടുന്നില്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പിണറായി ഇൻഡസ്ട്രീയൽ – കോഓപ്പറേറ്റീവ് സൊസൈറ്റി**

പിണറായി ഇൻഡസ്ട്രീയൽ – കോഓപ്പറേറ്റീവ് സൊസൈറ്റി ദീർഘകാലമായി പ്രവർത്തിച്ചു വരുന്നു എന്ന് പരിഗണിച്ചും അക്രഡിറ്റേഷൻ പുതുക്കി നൽകുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണെന്ന് കണക്കിലെടുത്തും 2014–15 വർഷത്തേയ്ക്കു കൂടി അംഗീകാരം ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 സേവാഗ്രാം –ഗ്രാമകേന്ദ്രം**

സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി 2015–16 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും ഓരോ വാർഡിനും 50000/– രൂപ വീതം വകയിരുത്തുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്**

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളുടെ അളവ് 1m3 ആയി വർദ്ധിപ്പിക്കണമെന്നയാവശ്യം അംഗീകരിക്കുകയും എന്നാൽ സബ്സിഡി നിരക്ക് നിലവിലുള്ള മാർഗരേഖയിൽ പറയുന്ന പ്രകാരം പരിമിതപ്പെടുത്താനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 9.15–ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 03.09.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***